ACADEMIC MASTER PLAN - 2025 - 2026

CMS UPS

ELAPPALLY



# സി. എം. എസ്. യു. പി. സ്കൂൾ ഇലപ്പള്ളി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം:-

അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നത് ഒരു പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനാനുഭവം ഒരുക്കുന്നതിനായി തയ്യാറാക്കുന്ന ശൈക്ഷണിക പദ്ധതിപത്രമാണ്. സ്കൂളിന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ആ ലക്ഷ്യങ്ങളിലേക്കെത്താൻ വേണ്ടിയുള്ള കാര്യക്ഷമമായ നടപടികൾ രൂപീകരിക്കുകയും ചെയ്യുന്നതാണ് ഈ പ്ലാനിന്റെ പ്രധാന ഉദ്ദേശ്യം.

പാഠ്യപദ്ധതിയുടെ മികച്ച വിനിയോഗം, അധ്യാപകരുടെ പരിശീലനം, കുട്ടികളിലെ വായനാ രചനാ കഴിവുകൾ വളർത്തൽ, മാതൃഭാഷയും ഇംഗ്ലീഷും ഗണിതവും പരിസ്ഥിതിയും ഉൾപ്പെട്ട അടിസ്ഥാന വിഷയങ്ങളിൽ ഉറച്ചതായ അറിവ് നൽകൽ, കുട്ടികളുടെ സ്വാഭാവിക കഴിവുകൾ കണ്ടെത്തൽ എന്നിവക്ക് പ്ലാനിൽ പ്രത്യേക പ്രാധാന്യമുണ്ട്.

ഈ പ്ലാനിലൂടെ ഓരോ കുട്ടിയുടെയും ഓർമ്മശക്തി, ചിന്താശക്തി, ശീലങ്ങൾ, സാമൂഹിക മൂല്യങ്ങൾ തുടങ്ങിയവ വളർത്തിക്കൊണ്ട് നല്ല നാഗരികതയുള്ള പൗരനായി വളരുവാനാണ് ലക്ഷ്യം. ഒരു ക്രമബദ്ധമായ, സുഗമമായ പഠനമേഖല ഒരുക്കിയാൽ കുട്ടികൾക്ക് പഠനം ആസ്വാദ്യകരവും ഫലപ്രദവുമായിരിക്കും. ഇതാണ് ഈ അക്കാദമിക് പ്ലാനിന്റെ സങ്കല്പം.

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ ഇലപ്പള്ളി വില്ലേജിൽ 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സി.എം.എസ്. യു.പി. സ്കൂൾ 1953-ൽ പ്രവർത്തനം ആരംഭിച്ചു 75 വർഷങ്ങൾക്കു മുമ്പ് കാട്ടാനയും കടുവയും പാമ്പുകളും കൊണ്ട് നിബിഡമായിരുന്ന ഈ പ്രദേശം അന്നാളുകളിൽ പ്രകൃതിയോടും മലമ്പനിയോടും മല്ലടിച്ചു ജീവിച്ചിരുന്ന കുടിയേറ്റ മക്കൾ അവയേക്കാൾ കൂടുതൽ ഭയപ്പെട്ടിരുന്ന താഴ്‌വാരങ്ങളിലെ ക്രൂരന്മാരായ നാട്ടുകാരുടെ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയായപ്പെട്ട അന്നത്തെ ബിഷപ്പ് ആയിരുന്ന (സി.എം.എസ്) ഗിൽസായിപ്പിനോട് രണ്ടു കാര്യങ്ങൾ ആവശ്യപ്പെട്ടു. മറ്റുള്ളവരുടെ പീഡനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കുക, എഴുത്തും വായനയും അറിയാത്ത ഞങ്ങളെയും ഞങ്ങളുടെ കുട്ടികളെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി തരിക.

1928-ൽ കുവപ്പള്ളിയിൽ നിന്നു വന്ന ശ്രീ.റ്റി.ജെ.ചാക്കോയുടെ നേതൃത്വത്തിൽ ഇലപ്പള്ളിയിൽ ഒരു ഗവൺമെന്റ് പള്ളിക്കൂടം വന്നതോടു കൂടി 1947-ാം ആണ്ടോടു കൂടി പള്ളിവക സ്കൂളിലെ കുട്ടികളും അധ്യാപകരും ഗവൺമെന്റ് സ്കൂളിൽ ലയിക്കുകയാണുണ്ടായത്. എന്നാൽ അപ്പോഴും ഉയർന്ന ക്ലാസ്സിലെ പഠനത്തിന് യാതൊരു സൗകര്യവും ഇല്ലായിരുന്നു. ഒരു മിഡിൽ സ്കൂളിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. കെ.ജെ. ജോർജ്ജ് സാറുമായി ചർച്ച ചെയ്തു പൊതുയോഗ തീരുമാന പ്രകാരം ഗവൺമെന്റിന്റെ അനുവാദത്തിനായി പരിശ്രമിക്കുകയും ഗവൺമെന്റിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള കുറവലത്തു ശ്രീ.ശങ്കുപിള്ളയുടെ സഹായത്താൽ 1953-ൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഇലപ്പള്ളി പ്രദേശങ്ങളിലെ നാനാജാതി മതസ്ഥരായ ആളുകളുടെ അക്ഷീണ പരിശ്രമത്തിൽ വെറും 40 ദിവസം കൊണ്ട് സ്കൂൾ പണിയുകയും

1953 ജൂൺ മാസം 1-ാം തിയതി തന്നെ ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ P.M. മാധവൻ പാറാപ്പുറത്ത് ആയിരുന്നു. 1962-ൽ V-ാം ക്ലാസ് L.Pയിൽ നിന്ന് ഷിഫ്റ്റ് ചെയ്തപ്പോഴത്തെ പ്രഥമാധ്യാപകനാണ് ശ്രീ E.M. തൈവത്തിൽ അദ്ദേഹം ഈ സ്കൂളിന്റെ പ്രഥമബാച്ചിലെ വിദ്യാർത്ഥി കൂടിയായിരുന്നു.

സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവകയുടെ കീഴിലുള്ളതും മേലുകാവുമറ്റം കോട്ടയം ഇടുക്കി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടത്തപ്പെടുകയും ചെയ്യുന്ന സ്കൂളാണിത്. ഈ പ്രദേശത്തെ ജനങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. 5, 6, 7, ക്ലാസുകളിലായി 10 കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ സ്കൂളിലെ കുട്ടികൾ മികവ് പുലർത്തുന്നു. അധ്യാപകരുടേയും പോലെതന്നെ മാനേജ്മെന്റ് പി.ടി.എ മാതൃസംഗമം എന്നിവരുടേയും ആത്മാർത്ഥമായ സേവനങ്ങൾ വിദ്യാലയ പ്രവർത്തനങ്ങളെ മികവുറ്റതാക്കുന്നു.

എടാട് ഉപപള്ളി പ്രദേശങ്ങളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ഏക യു.പി. സ്കൂളാണിത്. മലകളും കുന്നുകളും പുഴകളും താണ്ടി ഒറ്റയടി പാതയിലൂടെ 6.k.m ദൂരത്തിൽ സഞ്ചരിച്ച് ദിവസവും വരുന്ന കുട്ടികളുണ്ട്. സ്കൂളിൽ നിന്നും ലഭിക്കുന്ന ഉച്ചഭക്ഷണവും പോഷകാഹാരവും കുട്ടികൾക്ക് വളരെ പ്രയോജനം ചെയ്യുന്നു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കുടിവെള്ളത്തിനായുള്ള കിണർ, മഴവെള്ള സംഭരണി എന്നിവയുണ്ട്. ഐ.ടി പഠനം മെച്ചപ്പെടുത്തുന്നതിനായി എം.പി. അഡ്വ. ജോയ്സ് ജോർജ്ജ് നൽകിയ 5 കമ്പ്യൂട്ടറുകളും. പ്രിന്ററും ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഒരു മൈക്ക്സെറ്റും ഒരു ലാപ്ടോപ്പും ഈ സ്കൂളിനുണ്ട്. ഇതരമത്സര

പരീക്ഷകളിലും, മത്സരങ്ങളിലും കുട്ടികൾ ഉന്നത നിലവാരം പുലർത്തുന്നു. കലോത്സവത്തിൽ ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുകയും റവന്യൂ ജില്ലയിലേക്ക് യോഗ്യത നേടുകയും ഉണ്ടായി.

ജീവനക്കാർ:-

- ഹെഡ്മിസ്ട്രസ് -:- ജെയ്സിമോൾ സി.എം.
- എൽ.പി.എസ്.ടി -2:- പ്രിൻസിമോൾ ജോസഫ്, സന്ധ്യാചന്ദ്രൻ
- പാർട്ട് ടൈം ലാംഗ്വേജ് ഹിന്ദി -1:- സോഫിയാമോൾ പി.ജെ.
- ഓഫീസ് അറ്റന്റന്റ് -1:- ബിജി ജേക്കബ്.
- കുക്ക് -1:- ഉഷ നാരായണൻ.

നിലവിലുള്ള അവസ്ഥാ വിശകലനം:

ജീവനക്കാർക്കും കുട്ടികൾക്കും സ്കൂളിൽ വന്നു പോകുന്നതിന് പരിമിതമായ യാത്രാ സൗകര്യമാണ് നിലവിലുള്ളത്. വേനൽ കാലത്ത് ജലക്ഷാമം നേരിടുന്നതിനാൽ പൂന്തോട്ടം, പച്ചക്കറിത്തോട്ടം ഇവയുടെ പരിപാലനം ക്ലേശകരമാകുന്നു. ഈ സ്കൂളിൽ സാധാരണക്കാരായ ആളുകളുടെ കുട്ടികൾ മാത്രമാണ് പഠിക്കുന്നത്. അതിനാൽ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിന് വേണ്ടുന്നത്ര ഫണ്ട് രക്ഷിതാക്കളിൽ നിന്ന് ലഭ്യമാകുന്നില്ല.

ക്ലാസ് മുറികൾ പ്രത്യേകം വേർതിരിച്ചിട്ടില്ല. സ്ക്രീൻ ഉപയോഗിച്ചാണ് വേർതിരിച്ചിരിക്കുന്നത്. പലകത്തട്ടുകളാണ് മേൽക്കൂര ഓടുമേഞ്ഞതാണ്. ഫർണിച്ചറുകൾ കാലപ്പഴക്കം ചെന്നതാണ്. ലൈബ്രറിയും ലാബും നിലവിൽ ഒരു മുറിയിലാണ് പ്രവർത്തിക്കുന്നത്. ലൈബ്രറിയിൽ പുസ്തകങ്ങളുടെ അപര്യാപ്തത നേരിടുന്നു. കുട്ടികൾക്ക് നല്ലൊരു കളിസ്ഥലമില്ല. നല്ലൊരു ഡൈനിംഗ് ഹാൾ വാഷ്ബേസിൻ ഇവയെല്ലാം ഇന്ന് സ്കൂൾ നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ്.

## പൂർവ്വ വിദ്യാർത്ഥികളിൽ പ്രമുഖർ.

- Rt. Rev. Dr. K.J ശാമുവേൽ (ഇന്നാംപുറത്ത്) CSI മോഡറേറ്റർ
- M.S. ജോസഫ് IAS (മുണ്ടപ്ലാക്കൽ)
- ശ്രീ. P.C. ജോൺ IAS (പുത്തൻവീട്ടിൽ)
- ശ്രീ. K.G. ജെയിംസ് (കാവനാശ്ശേരിയിൽ)
- ശ്രീ. E.M. തൈക്കിൽ (H.M) തെക്കേത്തറയിൽ.

## ഈ സ്കൂളിന്റെ വളർച്ചക്ക് സഹായിച്ചവർ.

പ്രവേശന കവാടം - ശ്രീ. K.G. ശാമുവേൽ കാവനശ്ശേ

ഓപ്പൺ എയർ സ്റ്റേജ് - ശ്രീ. M.K. പുരുഷോത്തമൻ (ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് Rs. 85000/-)

മെയിൻ റോഡിൽ നിന്ന് സ്കൂളിലേക്കുള്ള റോഡ് - ശ്രീ റോഷി അഗസ്റ്റിൻ (ഇടുക്കി MLA)

പാചകപ്പുര - മാനേജ്മെന്റ്, PTA & STAFF.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| * വിദ്യാലയത്തിന്റെ പേര് | CMS UP SCHOOL ഇലപ്പള്ളി |
| * വിലാസം / ഫോൺ | ഇലപ്പള്ളി പി.ഒ ഇലപ്പള്ളി ഇടുക്കി 9744186519 |
| * സ്കൂൾ കോഡ് | 29207 |
| * വിദ്യാഭ്യാസ ജില്ല / ഉപജില്ല | തൊടുപുഴ / അറക്കുളം |
| * റവന്യൂജില്ല / ബി.ആർ.സി | ഇടുക്കി / അറക്കുളം |
| * ഗ്രാമപഞ്ചായത്ത് | അറക്കുളം |
| * ബ്ലോക്ക് പഞ്ചായത്ത് | ഇടുക്കി |
| * ജില്ല പഞ്ചായത്ത് | ഇടുക്കി |
| * താലൂക്ക് / വില്ലേജ് | തൊടുപുഴ / ഇലപ്പള്ളി |
| * ഇ-മെയിൽ | cms.ups.elappally@gmail.com |
| * സ്കൂൾ വിക്കി | ഇടുക്കി |
| * ഹെഡ്മിസ്ട്രസ് | ശ്രീമതി ജെയ്സിമോൾ സി.എം |
| * എസ്.ആർ.ജി കൺവീനർ | ശ്രീമതി പ്രിൻസിമോൾ ജോസഫ് |
| * സ്റ്റാഫ് സെക്രട്ടറി | ശ്രീമതി സൗമ്യ ചന്ദ്രൻ |
| * സ്കൂൾ ലീഡർ | മാത്യു ജോർജ് |

| കുട്ടികളുടെ എണ്ണം | V | | | VI | | | VII | | |
|---|---|---|---|---|---|---|---|---|---|
| | B | G | | B | G | | B | G | |
| 10 | 1 | 1 | 2 | 1 | 0 | 1 | 4 | 3 | 7 |

| വിഭാഗം | V | | | VI | | | VII | | | |
|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | |
| SC | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 1 |
| ST | 1 | 0 | 1 | 1 | 0 | 1 | 1 | 1 | 2 | 4 |
| OBC | 0 | 1 | 1 | 0 | 0 | 0 | 0 | 2 | 2 | 3 |
| OEC | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| General. | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 2 |
| | 1 | 1 | 2 | 1 | 0 | 1 | 4 | 3 | 7 | 10 |

ഓരോ ക്ലാസിന്റെയും പഠനലക്ഷ്യം ശരാശരി ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ട്. പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾ ഉണ്ട്. അവർക്കായി പ്രത്യേക ക്ലാസുകൾ കേന്ദ്രീകരിച്ചിട്ടുണ്ട്.

എന്നാൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ കുറവാണ്. സ്കൂൾ ചുറ്റുമതിൽ, ക്ലാസ് റൂം കളിസ്ഥലം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. സ്കൂളിൽ ഭൗതിക സാഹചര്യങ്ങൾ ഉയർത്തിയാൽ തന്നെ മാതാപിതാക്കൾക്ക് കുട്ടികളെ അയക്കാൻ താല്പര്യം ഉണ്ടാകും. ഇവയെല്ലാം. മുൻ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, ലോക്കൽ ഗവൺമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവരുടെയെല്ലാം ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ നേടാൻ കഴിയൂ. ഇവിടെ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകരും ഒരു അനധ്യാപികയും ജോലി ചെയ്യുന്നു. ഇവർ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നു.

ജീവനക്കാർക്കും കുട്ടികൾക്കും സ്കൂളിൽ വന്നു പോകുന്നതിനുള്ള യാത്രാ സൗകര്യം പരിമിതമാണ്. വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നതിനാൽ പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ പരിപാലനം ക്ലേശകരമാകുന്നു. വളരെ സാധാരണക്കാരായ വ്യക്തികളുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ആയതിനാൽ ഭൗതിക സാഹചര്യങ്ങളുടെ, വികസനത്തിന് വേണ്ടത്ര ഫണ്ട് രക്ഷിതാക്കളിൽ നിന്നും ലഭ്യമല്ല. കൂടാതെ ജന സാന്ദ്രത കുറഞ്ഞ പ്രദേശം ആയതിനാൽ പൊതുജനങ്ങളിൽ നിന്നും വേണ്ടത്ര സഹായം ലഭ്യമല്ല. സർക്കാരും മാനേജ്മെന്റും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് പഠിക്കാനായുള്ള ഒരു മികച്ച വിദ്യാലയമാക്കി ഈ സ്കൂളിനെ മാറ്റിയെടുക്കാം

## പി.ടി.എ കമ്മിറ്റി അംഗങ്ങൾ

ലോക്കൽ മാനേജർ : Rev. ജോൺസൺ V ജോൺ
ഹെഡ്മിസ്ട്രസ്സ് : ശ്രീമതി: ജെസ്സിമോൾ സി.എം
പി.ടി.എ പ്രസിഡന്റ് : ശ്രീ: അലക്സ്കുട്ടി. J സാം.
പി.ടി.എ വൈസ്-പ്രസിഡന്റ് : ജോൺസൺ ഡാനിയേൽ

**കമ്മിറ്റി അംഗങ്ങൾ** :

അനീഷ് കുമാർ
ഷാജി
ജോൺ കെ. ജെ
വിനീത PV
സൗമ്യ ദിപു
ജോൺസി. ജോൺ

**MPTA അംഗങ്ങൾ**

Pre: വിനീത P.V
Vic: ബീന വിനോദ്
സൗമ്യ ദിപു
ജോൺസിജോൺ
ബിന്ദു P മാത്യു
സുജിത ഷാജി
ലിജിമോൾ ദേവസ്യ

**മോണിറ്ററിംഗ്**

കോർപ്പറേറ്റ് മാനേജ്മെന്റ്
ലോക്കൽ മാനേജർ
[illegible] AEO
[illegible]
BRC
SSA

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠനം - പരിപോഷണം<br>വായന പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ജൈവവൈവിധ്യ പാർക്ക്<br>ഐ.റ്റി പരിശീലനം<br>അധ്യാപക ശാക്തീകരണം<br>ശാസ്ത്രാഭിരുചി വളർത്തൽ<br>പച്ചക്കറിത്തോട്ടം<br>ദിനാചരണങ്ങൾ<br>ഗണിതലാബ്<br>കായിക പഠനം<br>പ്രവൃത്തി പരിചയം | ചുറ്റുമതിൽ<br>ക്ലാസ് മുറികൾ<br>കമ്പ്യൂട്ടർ മുറി സജ്ജമാക്കൽ<br>ലൈബ്രറി<br>കുടിവെള്ള വിതരണം<br>ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്<br>ഗണിതോത്സവം<br>കാർഷികോത്സവം<br>എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>ചങ്ങാതിക്കൊരു മരം | പി.ടി.എ. എസ്.എം.സി കാര്യക്ഷമമാക്കൽ<br>പൂർവ്വ വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങൾ<br>ഗ്രന്ഥശാല<br>സന്നദ്ധ സംഘടനകൾ<br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>Health, police, തുടങ്ങിയവരുടെ സേവനം ലഭ്യമാക്കൽ.<br>ഭവന സന്ദർശനം. |

ലക്ഷ്യങ്ങൾ:-

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക പ്രവൃത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലാബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ കരും അധ്യാപകരും തമ്മിലും ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

## ലക്ഷ്യങ്ങൾ മലയാളം

* വിദ്യാർത്ഥികളും എഴുത്തും വായനയും
* വായനാക്കൂട്ടം എഴുത്ത് കൂട്ടം
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* ഗ്രന്ഥശാല സന്ദർശനം, അംഗത്വം
* ബാല സഭ, സ്കൂൾ സഭ
* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
* വായന സാമഗ്രികൾ കണ്ടെത്തൽ വികസിപ്പിക്കൽ
* ദിനാചരണങ്ങളുടെ ബന്ധപ്പെട്ട വായനയുടെയും
* എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
* മാഗസിൻ, ചുവർ പത്രിക എന്നിവയുടെ
* വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
* സാഹിത്യ രചനകൾ പരിചയപ്പെടുക.

## മേഖല - ഇംഗ്ലീഷ്.

### ലക്ഷ്യങ്ങൾ.

* കുട്ടികളിൽ ഭാഷാ പഠനത്തിനായി താല്പര്യം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
* ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
* ഭാഷ കൈകാര്യം ചെയ്യാൻ പ്രയാസമുള്ളവരെ കണ്ടെത്തി അനുയോജ്യമായ പഠന പ്രവർത്തനത്തിലൂടെ നയിക്കുക.
* വായനക്കും എഴുത്തിനും കൂടുതൽ പ്രവർത്തനങ്ങൾ നൽകുക.
* Listening -> Speaking -> Reading -> writing എല്ലാ കുട്ടികളിലും ഉണ്ടാക്കിയെടുക്കുക. ഒഴുക്കോടും ഉച്ചാരണശുദ്ധിയോടും വായിക്കാനുള്ള കഴിവ് വളർത്തുക.

| AIM | ACTIVIES | MONTH | RESPONSIBILITY PERSON | ECONOMIC SOURCE |
|---|---|---|---|---|
| To improve LSRW skills in all students. | To use simple english while talking class. | June to march | English teacher. | |
| To encarage listening and speaking introduce different genres | Interacting story telling discussing theme, characters and plots to enhence listening skill. Group discussions and role play, vocabulary games and excercises and to build word knowledge. Use ICT, to improve listening and speaking skills. | June. | | |

| Aim | Activites | Month | Res/ person | Concrete Source |
|---|---|---|---|---|
| Cultivate effective communication skills. | Encourage the students to take turns reading aloud and share their interpretation and reactions. After that present a summary or analysis of their assigned text. Listening comprehension exercises using audio stories expanding vocabulary. | July. | | |

| | | | | |
|---|---|---|---|---|
| To develop writing skills:<br>Introduce grammatical concepts such as parts of speech, tense and sentence structure.<br>To develop basic grammer rules.<br>Focus on developing sentence structure, punctuation, and grammer. | Improve sentence structure<br>Practice simple creative writing tasks, like descriptive paragraphs, short stories and simple poetry.<br>Improve critical thinking.<br>Focus on developing paragraphs and essays.<br>Describe a things, place any objects etc---<br>Encourage critical thinking. | August<br>December | English Teacher | |

| | | |
|---|---|---|
| Expand vocabulary throughs reading and interactive activites. | Preparing and delivering speechs. Listening to and analysing diffrent media sources. | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

മേഖല : സാമൂഹ്യ ശാസ്ത്രം ~~[illegible]~~

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഇവ പഠിതാവിനു നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| | ലോക പരിസ്ഥിതി ദിനം | ജൂൺ 5 | സാമൂഹ്യശാസ്ത്ര ക്ലബ്, പരിസ്ഥിതി ക്ലബ്, ചുമതല അധ്യാപകർ | |
| | അന്താരാഷ്ട്ര യോഗാ ദിനം | ജൂൺ 21 | സോഷ്യൽ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, യോഗാ അധ്യാപിക | |
| | ലോക ലഹരിവിരുദ്ധ ദിനം | ജൂൺ 26 | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |

| മേഖല : സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | ജൂൺ last week → ജൂലൈ | | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| | ലോക ജനസംഖ്യാ ദിനം | ജൂലൈ 11 | | |

മേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതശൈലിയും സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് ആരംഭത്തോട് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| | ഹിരോഷിമാ ദിനം | ആഗസ്റ്റ് 6 | " | |
| | ലോക വയോജനദിനം | ആഗസ്റ്റ് 8 | " | |
| | ക്വിറ്റ് ഇന്ത്യാ ദിനം | ആഗസ്റ്റ് 9 | " | |
| | നാഗസാക്കി ദിനം | ആഗസ്റ്റ് 9 | " | |
| | സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 15 | " | |

മേഖല: സാമൂഹ്യ സാന്നിദ്ധ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടൽ | പ്രകൃതി താണ്ഡവം : ഓർമ്മകൾ<br>ഭൂകമ്പം, സുനാമി, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുന്നു. ദുരന്തവേളകൾ ഏറ്റെടുക്കാനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പരിശീലനവും ബോധവൽക്കരണവും ചെയ്യുന്നു. | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |
| | അദ്ധ്യാപകദിനം | സെപ്തംബർ 5 | | |
| | ലോകസാക്ഷരതാ ദിനം | സെപ്തംബർ 8 | | |
| | ഓസോൺ ദിനം | സെപ്തംബർ 16 | | |
| | ലഹരി വിരുദ്ധ ദിനം | സെപ്തംബർ 26 | | |
| | ലോക വിനോദ സഞ്ചാര ദിനം | സെപ്തംബർ 27 | | |

മേഖല: സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. സഹജീവിക-ളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നമ്മുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളി-ലെ ആളുകൾ, സമൂഹത്തിൽ മറ്റേതെങ്കിലും തരത്തിൽ കഷ്ടതകൾ അനുഭവിക്കുന്ന ആളുകൾ എന്നിവർക്ക് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | ഒക്ടോബർ - നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപിക | പി.ടി.എ |
| | ലോക വൃദ്ധദിനം | ഒക്ടോബർ 1 | | |
| | ഗാന്ധി ജയന്തി | ഒക്ടോബർ 2 | | |
| | ലോക അധ്യാപകദിനം | ഒക്ടോബർ 5 | ,, | |
| | ലോക ഭക്ഷ്യസുരക്ഷാദിനം | ഒക്ടോബർ 6 | | |
| | ലോക തപാൽ ദിനം | ഒക്ടോബർ 9 | | |
| | ദേശീയ തപാൽ ദിനം | ഒക്ടോബർ 10 | | |
| | ഐക്യരാഷ്ട്ര ദിനം | ഒക്ടോബർ 24 | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാക്ഷാത്കാര വിലയിരുത്തൽ |
|---|---|---|---|---|
| | ദേശീയ പ്രവാസി ദിനം | ജനുവരി 9 | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| | ദേശീയ കരസേന ദിനം | ജനുവരി 15 | | |
| | നേതാജി ദിനം | ജനുവരി 23 | | |
| | ബാലികാ ദിനം | ജനുവരി 24 | | |
| | ദേശീയ വിനോദസഞ്ചാര ദിനം | ജനുവരി 25 | | |
| | റിപ്പബ്ലിക് ദിനം | ജനുവരി 26 | | |
| | രക്തസാക്ഷി ദിനം | ജനുവരി 30 | | |
| 3. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്<br>ഉന്നത നിലവാരത്തിലുള്ള കുട്ടികളുടെ പഠിതാക്കളെ ഉയരാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. മത്സര പരീക്ഷകളുടെ ചോദ്യവിശകലനം നടത്താൻ സഹായിക്കുന്ന തരത്തിൽ നിശ്ചിത സമയം കൊണ്ടുള്ള ക്വിസ്സിലൂടെയുള്ള ചോദ്യോത്തര വേളകൾ, ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | ഫെബ്രുവരി-മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപിക. | |

മേഖല: സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ദേശീയ എക്സൈസ് ദിനം | ഫെബ്രുവരി 24 | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| | ദേശീയ സുരക്ഷാദിനം | മാർച്ച് 4 | " | |
| | ലോക വനിതാദിനം | മാർച്ച് 8 | " | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

മേഖല : യു. പി. സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | <u>നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം ജൈവ വേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് ഹരിത ക്ലബ്. | പി. ടി. എ. |
| | <u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | " | രക്ഷിതാക്കൾ. |
| | <u>പരീക്ഷണക്കളരി.</u><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | " | |

| | | | | |
|---|---|---|---|---|
| | പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |
| 2. ശാസ്ത്ര പ്രക്രിയാശേഷി വർദ്ധിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>മാസ്റ്റർ മൈൻഡ്സ്</u><br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | <u>എക്സ്പ്ലോർ, എക്സ്പ്ലോറർ.</u><br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അവലംബ്യ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | <u>ശാസ്ത്ര വിസ്മയ ചുമർ.</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ സ്കൂളിൽ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | P.T.A സയൻസ് ക്ലബ് |
| | <u>ശാസ്ത്രപാഠം.</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിന് ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | " | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി 2025 - 2026

| Programme | Activity | Duration | ഗുണഫലം | പിന്തുണ |
|---|---|---|---|---|
| ...up ഹിന്ദിയിലെ<br>...കുട്ടികൾക്കും<br>...അദ്ധ്യാപകർക്കും<br>...ചെയ്യിക്കുന്നു | അദ്ധ്യാപകർ എഴുതുന്ന<br>ചിത്രം ചെയ്യിക്കുന്നു<br>അദ്ധ്യാപകർക്ക്<br>വാക്കുകൾ എഴുതിയ കാർഡ്<br>Classൽ അദ്ധ്യാപകരുടെ പ്രദർശനം<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മാണം | June to August | അദ്ധ്യാപകർക്ക് ഉപയോഗപ്രദം | BRC<br>DIET |

| Programme | Activity | Duration | ഉപാധികൾ | പിന്തുണ |
|---|---|---|---|---|
| [illegible] ആശയങ്ങൾ<br>[illegible]കളുടെ<br>പ്രകടിപ്പിക്കാനും<br>സർഗാത്മക രചന<br>വികസിപ്പിക്കാ-<br>നുള്ള അവസര-<br>[illegible]) | ഹിന്ദി ഭാഷാ [illegible]<br>ദിനാചരണങ്ങൾ<br>നവംബർ 14<br>ജനുവരി 10<br>ജീവിതവായന സ്വാംശീകരണം<br>ചിത്രസഹായങ്ങളോടെ ചിത്ര<br>കഥ തയ്യാറാക്കൽ<br>ചിത്രകഥ ഉണ്ടാക്കൽ | November<br>to<br>Febouary | പുസ്തകങ്ങൾ | BRC |

മേഖല : യു. പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എളുപ്പം പഠിക്കാൻ ...ൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശില്പശാല.** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ മുതലായവ ഉപയോഗിക്കുന്നു. | ജൂൺ മാസം. | ഗണിത അധ്യാപകർ. | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | **ഒറിഗാമി ശില്പശാല.** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരിച്ച് ഗണിത ശാസ്ത്ര പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ലാബിലെ അംഗങ്ങളും. | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ. ടി. സാധ്യതകളിലൂടെ.</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേയ്ക്ക് എത്തിക്കുവാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുക. | **ഗണിത ക്ലിനിക്** <br> ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| വിവിധ ശേഷികളുടെ വികസനം. | **ദിനാചരണം** <br> ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG -യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG. | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026.

| മേഖല | മലയാളം. | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം സമ്പന്നം പദസമ്പത്ത് വളർത്തുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം പഠിതാക്കൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ, വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്ര, നാടകം, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു.<br>ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം. | മലയാള അധ്യാപകർ | |
| | വായന ദിനം | ജൂൺ 19 | | |
| | ലോകസംഗീത ദിനം | ജൂൺ 21 | | |
| | അമ്മ വായന | | | |

| ക്ലാസ് | മലയാളം. | | | |
|---|---|---|---|---|
| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം. |
| [illegible]തവിൽ അർത്ഥ [illegible]മായ വായന [illegible]് വരുത്തുന്നു. | വാർത്ത ലോകത്തേക്ക് ഒരു യാത്ര. ആഴ്ച പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂലൈ മാസം | മലയാളം അധ്യാപകർ. | |
| | വൈക്കം മുഹമ്മദ് ബഷീർ ദിനം | ജൂലൈ 5 | | |

| ശേഷി | ലക്ഷ്യം | | | |
|---|---|---|---|---|
| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| ...ന്റെ ഭാഷാ സാഹിത്യകാരന്മാരോടുള്ള ആദര ...മനോഭാവം വളർത്ത ...വിവിധ പരിപാടികളുടെ സംഘ ...ടിപ്പിക്കൽ | സാഹിത്യകാരന്മാർ, കവികൾ എന്നിവരുടെ പ്രധാന പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് മാസം. | മലയാളം അധ്യാപകൻ. | |

| | | | | |
|---|---|---|---|---|
| ...മേഖല | മലയാളം. | | | |
| ലക്ഷ്യം. | (ഉ) പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം. |
| ...കുട്ടികളുടെ കലാ ...വാസനകളെ പരി ...പോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സർഗ്ഗവേളയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | സെപ്റ്റംബർ മാസം. | മലയാളം അധ്യാപകൻ | |

| ...മേഖല | മലയാളം. | | | |
|---|---|---|---|---|
| ...ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| ...ങ്ങളുടെ സർഗ്ഗാത്മക ...ശേഷി വളർത്തൽ | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | ഡിസംബർ ജനുവരി | മലയാളം അധ്യാപകൻ. | |

## ഉപസംഹാരം

അക്കാദമിക, ഭൗതിക, സാമൂഹിക മേഖലകളിൽ ഒന്നാൽ
ിക്കോട്ട് സി.എം.എസ് യു പി സ്കൂളിനെ മികവിലേക്ക്
ിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഒരു തുടക്കമാണ് ഈ
സ്റ്റർ പ്ലാൻ. പരിമിതികൾ പലതുണ്ടെങ്കിലും ഇവിടെ
ദ്യാസത്തിനായി എത്തുന്ന ഓരോ കുട്ടിക്കും വേണ്ട പഠന-
ഹചര്യം ഒരുക്കാൻ അധ്യാപകരും പി.ടി.എ, മാനേജ്മെന്റ്
ാൽ കഴിയുന്നതിലും മേലായി പ്രവർത്തിക്കാൻ മനസ്സുള്ളവരാണ്
ങ്ങളുടെ കുറവാണ് നമ്മെ അലട്ടുന്ന വലിയ പ്രശ്നം, ഈ
ിഹരിക്കാൻ വേണ്ട കരുതലുകൾ ലോക്കൽ മാനേജ്മെന്റിന്റെ
ത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും എന്ന ശുഭ
തീക്ഷയോടെ.